**15 -ാം കേരള നിയമസഭ**

**1 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1022** **10-06-2021 - ൽ മറുപടിയ്ക്ക്**

**വിഴിഞ്ഞം തുറമുഖ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ സി ആർ മഹേഷ് | | **Shri Ahammad Devarkovil**<br>(തുറമുഖവും മ്യൂസിയവും പുരാവസ്തുസംരക്ഷണവും വകുപ്പ് മന്ത്രി) | |
| (എ) | മുൻ യു.ഡി.എഫ്. സർക്കാരിന്റെ കാലയളവിൽ നിർമ്മാണ പ്രവർത്തനങ്ങൾ ഉദ്ഘാടനം ചെയ്ത വിഴിഞ്ഞം തുറമുഖ പദ്ധതി അഞ്ച് വർഷം കഴിഞ്ഞിട്ടും കമ്മീഷൻ ചെയ്യുവാൻ സാധിച്ചിട്ടില്ലായെന്നത് ഗൗരവമായി വിലയിരുത്തുമോ; | (എ) | 2015 ഡിസംബർ 5ന് നിർമ്മാണം ആരംഭിച്ച വിഴിഞ്ഞം തുറമുഖത്തിന്റെ ഒന്നാംഘട്ട നിർമ്മാണ പ്രവർത്തന ങ്ങൾ 2019 ഡിസംബർ 3ന് പൂർത്തികരിക്കേണ്ടതായി- രുന്നു. എന്നാൽ സമയബന്ധിതമായി തുറമുഖ നിർമ്മാണത്തിനാവശ്യമായ പാറ ലഭ്യമാക്കുവാൻ കരാർ കമ്പനിക്ക് കഴിയാതെ വന്ന സാഹചര്യത്തിൽ നിശ്ചിത സമയത്ത് പദ്ധതി പൂർത്തിയാക്കുവാൻ സാധിച്ചില്ല. ബഹു. ദേശീയ ഹരിത ട്രൈബ്യൂണലിന്റെ (NGT) 21/07/2020 ലെ ഉത്തരവിന്റെ അടിസ്ഥാന- ത്തിൽ സംസ്ഥാനത്ത് പുതിയ ക്വാറികൾ സ്ഥാപിക്കുന്നതിന് സാധിക്കാത്ത സാഹചര്യമാണു ള്ളത്. ഈ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് വിവിധ തലങ്ങളിലുള്ള ചർച്ചകളിലൂടെ സർക്കാർ ശ്രമിച്ചു വരുന്നു. ചീഫ് സെക്രട്ടറി 03-11-2020 ൽ അദാനി പോർട്ട്സ് & സെസ് ലിമിറ്റഡ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുമായി നടത്തിയ യോഗത്തിൽ തുറമുഖ പദ്ധതി എത്രയും വേഗത്തിൽ പൂർത്തീകരിക്കാമെന്ന് അറിയിച്ചിരുന്നു. എന്നാൽ പാറയ്ക്കുള്ള ക്ഷാമവും കോവിഡ് മഹാമാരിയുടെ പശ്ചാത്തലത്തിൽ ഏർപ്പെടുത്തിയിട്ടുള്ള നിയന്ത്രണങ്ങളും മൂലം പ്രവൃത്തി ത്വരിതഗതിയിൽ നടത്തുവാൻ സാധിക്കാത്ത സാഹചര്യമാണ് നിലവിലുള്ളത്. |
| (ബി) | പദ്ധതിയുടെ പുരോഗതി വിലയിരുത്തി സർക്കാരിന് റിപ്പോർട്ട് ചെയ്യുന്നതിന് നിയുക്തരായിട്ടുള്ള സ്പെഷ്യൽ പ്രോജക്ട് ഡയറക്ടറുടെ റിപ്പോർട്ട് പ്രകാരം നിലവിലെ സ്ഥിതിയിൽ പദ്ധതി എന്നത്തേക്ക് പൂർത്തിയാക്കുവാൻ കഴിയുമെന്നാണ് കരുതുന്നതെന്ന് അറിയിക്കുമോ; | (ബി) | 2015 ഡിസംബർ 5ന് നിർമ്മാണം ആരംഭിച്ച വിഴിഞ്ഞം തുറമുഖത്തിന്റെ ഒന്നാംഘട്ട നിർമ്മാണ പ്രവർത്തന ങ്ങൾ 2019 ഡിസംബർ 3ന് പൂർത്തികരിക്കേണ്ടതായി- രുന്നു. എന്നാൽ സമയബന്ധിതമായി തുറമുഖ നിർമ്മാണത്തിനാവശ്യമായ പാറ ലഭ്യമാക്കുവാൻ കരാർ കമ്പനിക്ക് കഴിയാതെ വന്ന സാഹചര്യത്തിൽ നിശ്ചിത സമയത്ത് പദ്ധതി പൂർത്തിയാക്കുവാൻ സാധിച്ചില്ല. ബഹു. ദേശീയ ഹരിത ട്രൈബ്യൂണലിന്റെ (NGT) 21/07/2020 ലെ ഉത്തരവിന്റെ അടിസ്ഥാന- |

| | | | |
|---|---|---|---|
| | | | ത്തിൽ സംസ്ഥാനത്ത് പുതിയ ക്വാറികൾ സ്ഥാപിക്കുന്നതിന് സാധിക്കാത്ത സാഹചര്യമാണു ള്ളത്. ഈ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് വിവിധ തലങ്ങളിലുള്ള ചർച്ചകളിലൂടെ സർക്കാർ ശ്രമിച്ചു വരുന്നു. ചീഫ് സെക്രട്ടറി 03-11-2020 ൽ അദാനി പോർട്ട്സ് & സെസ് ലിമിറ്റഡ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുമായി നടത്തിയ യോഗത്തിൽ തുറമുഖ പദ്ധതി എത്രയും വേഗത്തിൽ പൂർത്തീകരിക്കാമെന്ന് അറിയിച്ചിരുന്നു. എന്നാൽ പാറയുടെ ക്ഷാമവും കോവിഡ് മഹാമാരിയുടെ പശ്ചാത്തലത്തിൽ ഏർപ്പെടുത്തിയിട്ടുള്ള നിയന്ത്രണങ്ങളും മൂലം പ്രവൃത്തി ത്വരിതഗതിയിൽ നടത്തുവാൻ സാധിക്കാത്ത സാഹചര്യമാണ് നിലവിലുള്ളത്. |
| (സി) | പദ്ധതിയുടെ പ്രധാന ഭാഗമായ പുലിമുട്ടിന്റെ ആകെ നീളം എത്ര മീറ്ററാണെന്ന് അറിയിക്കുമോ ; അതിൽ ഇതിനകം എത്ര മീറ്റർ പുലിമുട്ട് നിർമ്മാണം പൂർത്തിയാക്കിയെന്ന് അറിയിക്കുമോ; | (സി) | പദ്ധതിയുടെ പ്രധാന ഭാഗമായ പുലിമുട്ടിന്റെ ആകെ നീളം 3102 മീറ്ററാണ്. നാളിതുവരെ പുലിമുട്ടിന്റെ 810 മീറ്റർ നീളം പൂർത്തീകരിച്ചിട്ടുണ്ട്. |
| (ഡി) | മേയ് മാസത്തിൽ ഉണ്ടായ ടൗട്ടെ ചുഴലിക്കാറ്റിന്റെ ഭാഗമായി ഉണ്ടായ കടൽക്ഷോഭത്തിൽ പുലിമുട്ടിന് നാശനഷ്ടം ഉണ്ടായിട്ടുണ്ടോ; വിശദമാക്കുമോ; | (ഡി) | 2021 മെയ് 13 ന് കേരള തീരത്ത് ആഞ്ഞടിച്ച ടൗട്ടേ ചുഴലിക്കാറ്റ് മൂലമുണ്ടായ കടൽക്ഷോഭം വിഴിഞ്ഞം തുറമുഖത്തിന്റെ പുലിമുട്ട് നിർമ്മാണത്തെ ബാധിച്ചിട്ടുണ്ട്. പുലിമുട്ടിന്റെ Core Layer, താത്ക്കാലിക സംരക്ഷണ ആവരണം തുടങ്ങിയവയ്ക്കായി നിക്ഷേപിച്ച വിവിധ വലിപ്പത്തിലുള്ള പാറകൾക്ക് സ്ഥാനഭ്രംശം സംഭവിച്ചിട്ടുണ്ടെന്ന് കരാർ കമ്പനി സർക്കാരിൽ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. പുലിമുട്ടിനു സംഭവിച്ച കേടുപാടുകളുടെ യഥാർത്ഥ തോത് മനസ്സിലാക്കുന്നതിനുള്ള നടപടികൾ കരാർ കമ്പനി നടത്തി വരികയാണ്. |
| (ഇ) | നിർമ്മാണ പ്രവർത്തികളുടെ ഭാഗമായുള്ള ഡ്രെഡ്ജിംഗ് ആന്റ് റിക്ലമേഷൻ പ്രവൃത്തികൾ മന്ദഗതിയിലാണോ മുന്നോട്ട് പോകുന്നതെന്ന് അറിയിക്കുമോ; എങ്കിൽ അതിനുള്ള കാരണമെന്താണെന്ന് വ്യക്തമാക്കുമോ; നിലവിൽ എത്ര ശതമാനം പ്രവർത്തികൾ പൂർത്തിയായെന്ന് അറിയിക്കുമോ? | (ഇ) | ഒന്നാം ഘട്ടത്തിൽ തുറമുഖ ബേസിനിൽ നിന്നും, കപ്പൽച്ചാലിൽ നിന്നും ഏകദേശം 7 ദശലക്ഷം ഘന മീറ്റർ മണ്ണ് ഡ്രെഡ്ജ് ചെയ്ത് 53 ഹെക്ടർ കടൽ നികത്തിയെടുക്കേണ്ടതുണ്ട്. 2017 നവംബറിൽ ടി പ്രവൃത്തിയുടെ 33%-ത്തോളം പൂർത്തിയാക്കിയെങ്കിലും പുലിമുട്ടും റോക്ക് ബണ്ടും പൂർത്തിയാക്കാത്തതിനാൽ ഡ്രെഡ്ജിംഗ് & റിക്ലമേഷൻ പ്രവർത്തികൾ നടത്താനാവാത്ത സ്ഥിതിയാണ്. |

സെക്ഷൻ ഓഫീസർ